# 18 ചുറ്റും നോക്കൂ

## രംഗം 4

**വിദുഷകൻ :** കേൾക്കുന്നതും ശ്രദ്ധിക്കുന്നതും തമ്മിലുള്ള വ്യത്യാസം ഞങ്ങൾ ചർച്ച ചെയ്തതുപോലെ, ഞങ്ങൾ ഇപ്പോൾ നിരീക്ഷണത്തെക്കുറിച്ച് ചർച്ച ചെയ്യാൻ പോകുന്നു. എന്തെങ്കിലും സൂക്ഷ്മമായി നിരീക്ഷിക്കുകയോ ശ്രദ്ധിക്കുകയോ ചെയ്യുക, വിവരങ്ങൾ ശേഖരിക്കുക അല്ലെങ്കിൽ അതിനെക്കുറിച്ച് കൂടുതലറിയുക എന്നിവയാണ് നിരീക്ഷണം. ഇത് കാഴ്ചയിൽ നിന്ന് വ്യത്യസ്തമാണ്. നിങ്ങൾ സ്കൂളിലേക്കുള്ള വഴിയിൽ ധാരാളം ആളുകളെ കാണുന്നു. എന്നാൽ ഒരു വ്യക്തിയുടെ പ്രവൃത്തിയും പെരുമാറ്റവും നിങ്ങൾ നിരീക്ഷിക്കുന്നു. കൂടുതൽ വിവരങ്ങൾ ലഭിക്കുന്നതിന് ഏതെങ്കിലും സാഹചര്യമോ പ്രവർത്തനത്തിനോ വ്യക്തിക്കോ നിങ്ങൾ കൂടുതൽ ശ്രദ്ധ നൽകുമ്പോൾ, നിങ്ങൾ അത് നിരീക്ഷിക്കുകയാണ് .

ചുറ്റും നോക്കുന്നതിലൂടെയും നിരീക്ഷിക്കുന്നതിലൂടെയും ഒരു അഭിനേതാവിന് ധാരാളം പഠിക്കാനുണ്ട്. ഞങ്ങളുടെ മനസ്സിനുള്ളിലെ സർഗ്ഗാത്മകതയിലാണ് ഞങ്ങൾ ഇതുവരെ പ്രവർത്തിച്ചത് . ഇപ്പോൾ, നമുക്ക് ചുറ്റുമുള്ള സർഗ്ഗാത്മകതയും പ്രചോദനവും കാണാം .



© NCERT not to be republished



### നിങ്ങൾ പഠിക്കും

ചിന്തയിലെ വ്യക്തത, സർഗ്ഗാത്മകത, സംസാരിക്കുമ്പോഴുള്ള ആത്മവിശ്വാസം, കഥപറച്ചിൽ, ചോദ്യം ചെയ്യൽ, നിരീക്ഷണം, പ്രാദേശിക നാടകം, പാരമ്പര്യം.

0337CH18

# രംഗം 7—വിവരണങ്ങൾ തയ്യാറാക്കൽ

## പ്രവർത്തനം 12 നിരീക്ഷണവും കഥ പറയലും



നിങ്ങളുടെ ചുറ്റുപാടുകളിലുള്ള ആളുകളെ നിരീക്ഷിക്കുക. ഉദാഹരണത്തിന് - അയൽപക്കത്തെ ഒരു കടയുടമ, ഒരു പാൽക്കാരൻ, നിങ്ങളുടെ അച്ഛനും അമ്മയും അടുക്കളയിൽ പാചകം ചെയ്യുന്നു തുടങ്ങിയവ .

ഒരു വ്യക്തിയെ തിരിച്ചറിയുകയും അവരുടെ പെരുമാറ്റം പിന്തുടരുകയും ചെയ്യുക. അവരുടെ സംസാരശൈലി, അവർ ഉപയോഗിക്കുന്ന ഏതെങ്കിലും ഉപകരണങ്ങൾ, അവർ ധരിക്കുന്ന വസ്ത്രങ്ങൾ, അവർ ചെയ്യുന്ന ഏതെങ്കിലും സവിശേഷമായ പ്രവർത്തനം മുതലായവ ശ്രദ്ധിക്കുക. ഈ വിശദാംശങ്ങളെല്ലാം നിരീക്ഷിക്കാനും ഒരു കുറിപ്പുണ്ടാക്കാനും നിങ്ങൾക്ക് 2-3 ദിവസമെടുക്കാം .

### ഒരു കഥ സങ്കൽപ്പിക്കുക

**ലളിതം**

ഒരു വ്യക്തിയെക്കുറിച്ചുള്ള ലളിതമായ വിവരണം. ശേഷം ആ വ്യക്തിയെ കേന്ദ്രകഥാപാത്രമാക്കി ഒരു കഥ വിവരിക്കുന്നു (ഇത് ഒരു സാങ്കൽപ്പിക കഥയായിരിക്കാം).

**കൂടുതൽ നിലവാരമുള്ളത്**

കുറിപ്പ് തയ്യാറാക്കിയ സ്വഭാവസവിശേഷതകളുള്ള വ്യക്തിയെ അഭിനയിച്ചു കാണിക്കൽ (വികാരങ്ങൾ, പ്രവർത്തനങ്ങൾ, ആംഗ്യങ്ങൾ, ശബ്ദം എന്നിവ ഉപയോഗിച്ച്).

© NCERT not to be republished

## ചർച്ചയും പ്രതികരണവും

- പ്രവർത്തനത്തിന്റെ ഏത് ഭാഗമാണ് നിങ്ങൾ ഏറ്റവും കൂടുതൽ ആസ്വദിച്ചത്? എന്തുകൊണ്ട്?
- നിങ്ങളുടെ നിരീക്ഷണങ്ങൾ ഉപയോഗപ്രദമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ?
- നിങ്ങൾ നിരീക്ഷിച്ചു കൊണ്ടിരുന്ന വ്യക്തിയുമായി എളുപ്പത്തിൽ ബന്ധപ്പെടാൻ നിങ്ങൾക്ക് കഴിഞ്ഞോ?
- നിങ്ങളെക്കുറിച്ച് നിങ്ങൾ പഠിച്ച ഒരു പുതിയ കാര്യം എന്താണ്?

**അവലോകന കുറിപ്പുകൾ**








അവർ ആരാണ്? അവരെന്താണ് ചെയ്യുന്നത്?

ചിത്രം നിരീക്ഷിച്ച് എന്താണ് സംഭവിക്കുന്നതെന്നതിനെ കുറിച്ച് ലളിതമായ ഒരു കഥ സൃഷ്ടിക്കുക. ക്ലാസ്സിൽ പങ്കിടുക.

© NCERT not to be republished

## പ്രവർത്തനം 13 ചിത്ര കഥ പറയൽ

**ആവശ്യകതകൾ -** കാഴ്ചയെ ഉത്തേജിപ്പിക്കുന്ന ചിത്രങ്ങൾ. അവ വിദ്യാർത്ഥികൾ അവരുടെ ദൃശ്യകല ക്ലാസുകളിൽ തയ്യാറാക്കുന്ന ചിത്രങ്ങളായിരിക്കാം.
**നിർദ്ദേശങ്ങൾ -** നിങ്ങളുടെ അധ്യാപകർ കാണിക്കുന്ന ചിത്രം നോക്കുക. ചിത്രത്തിലെ എല്ലാ വിശദാംശങ്ങളും നിരീക്ഷിക്കുക. നിങ്ങളുടെ നിരീക്ഷണങ്ങളെ അടിസ്ഥാനമാക്കി, അഭിനയവും പദപ്രയോഗങ്ങളും ഉപയോഗിച്ച് നിങ്ങൾ ഒരു കഥ സൃഷ്ടിക്കുകയും വിവരിക്കുകയും വേണം.





### ഒരു ചിത്ര ക സൃഷ്ടിക്കുക

**ലളിതം**

ഒരു വസ്തുവിന്റെയോ മൃഗത്തിനന്റെയോ (ഒരു വൃക്ഷം, ഒരു കലം, പൂച്ച മുതലായവ) ലളിതമായ ചിത്രം ഉപയോഗിച്ച് അതിനെക്കുറിച്ച് ഒരു കഥ പറയുക.

**കൂടുതൽനി ലവാരമുള്ളത്**

രണ്ട് ചിത്രങ്ങൾ ബന്ധിപ്പിച്ച് ഒരു പുതിയ കഥ നിർമ്മിക്കുക (ക്ലാസ്സിൽ ഉപയോഗിക്കുന്ന നിലവിലുള്ള ചിത്രങ്ങളിൽ നിന്ന്). ഉദാഹരണത്തിന്, മുകളിലുള്ള ചിത്രത്തിൽ കാണുന്നതുപോലെ, ഒരു പൂച്ചയുടെ കഥ മത്സ്യവുമായി ബന്ധിപ്പിക്കുക.

© NCERT not to be republished

### ചർച്ചയും പ്രതികരണവും

- പ്രവർത്തനത്തിന്റെ ഏത് ഭാഗമാണ് നിങ്ങൾ ഏറ്റവും ആസ്വദിച്ചത്? എന്തുകൊണ്ട്?
- നിങ്ങൾക്ക് ഈ പ്രവർത്തനം എവിടെയെങ്കിലും ഉപയോഗിക്കാൻ കഴിയുമോ വേറെയോ?
- നിങ്ങളെക്കുറിച്ച് നിങ്ങൾ പഠിച്ച ഒരു പുതിയ കാര്യം എന്താണ്?

### അവലോകന കുറിപ്പുകൾ






നിങ്ങൾക്ക് ചുറ്റും കഥകൾക്കുള്ള ആശയങ്ങൾ ഇപ്പോൾ കണ്ടെത്താൻ കഴിയും. ഇത് ഒരു പ്രചോദനമല്ലേ? രസകരമായ ഒരു വ്യക്തിയെയോ വസ്തുവിനെയോ സാഹചര്യത്തെയോ നിങ്ങൾ കാണുമ്പോഴെല്ലാം, കഥകളും ആശയങ്ങളും കുറിച്ചു വയ്ക്കുന്നതിന് ഒരു പുസ്തകം കൂടെ കരുതുക.

അത് നിങ്ങളുടെ അടുത്ത തിരക്കഥ ആകാം!

അതിനാൽ, നിങ്ങൾക്ക് ചുറ്റുമുള്ളതെല്ലാം അത്ഭുതത്തോടെ നിരീക്ഷിക്കുക. സൂക്ഷ്മ നിരീക്ഷണമെന്ന ഈ കലയിൽ, നിങ്ങൾ ലോകത്തെ കൂടുതൽ അറിയാൻ പഠിക്കും!



© NCERT not to be republished

## രംഗം 8—ഒരു സമൂഹത്തിന്റെ സർഗ്ഗാത്മകത

### പ്രവർത്തനം 14

കഥകളിലെ ആശയങ്ങൾക്കായി ചുറ്റുപാടുകൾ നിരീക്ഷിക്കാൻ പഠിച്ചതിനാൽ, നമുക്ക് ചുറ്റുമുള്ള മറ്റ് ശൈലികളും നാടക രീതികളും എന്തൊക്കെയാണെന്ന് നോക്കാം. ഇന്ത്യ കലയാലും സംസ്കാരത്താലും സമ്പന്നമാണ്, ഓരോ 100 കിലോമീറ്ററിലും നിങ്ങൾക്ക് പുതിയതും വ്യത്യസ്തവുമായ ഒരു കലാരൂപം കണ്ടെത്താൻ കഴിയും. അതാണ് നമ്മുടെ രാജ്യത്തിന്റെ വൈവിധ്യവും സമ്പന്നതയും!

നിങ്ങളുടെ സംസ്ഥാനത്ത് നിന്ന് അത്തരത്തിലുള്ള ഒരു നാടക രൂപം കണ്ടെത്താൻ ശ്രമിക്കുക.






© NCERT not to be republished

നിങ്ങളുടെ ജില്ലയിലും പരിസരത്തും അവതരിപ്പിച്ച രണ്ട് നാടക രൂപങ്ങൾ തിരിച്ചറിയുക. നിങ്ങളുടെ കുടുംബത്തിന്റെയോ സുഹൃത്തുക്കളുടേയോ സഹായം ആവശ്യപ്പെടാം. അതിന്റെ ഒരു ചിത്രം ചുവടെ ഒട്ടിക്കുക, ഓരോ രൂപത്തെക്കുറിച്ചും മൂന്ന് വരികൾ എഴുതുക.



നിങ്ങളുടെ സംസ്ഥാനത്തിന്റെയും ജില്ലയുടെയും പേര്

ഇവിടെ ഒരു ചിത്രം ഒട്ടിക്കുക അല്ലെങ്കിൽ അതിന്റെ ഒരു ചിത്രം വരക്കുക

ഇവിടെ ഒരു ചിത്രം ഒട്ടിക്കുക അല്ലെങ്കിൽ അതിന്റെ ഒരുചിത്രം വരക്കുക

© NCERT not to be republished